(എഫ്) നിയമനം നൽകിയിട്ടില്ലെങ്കിൽ എന്തു കൊണ്ടാണ് കാലതാമസം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) ഇവർക്ക് എന്ന് നിയമനം നൽകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ശ്രീമതി കെ. ദീപ്തി, പരേതന്റെ മകൾ.

(ഡി) ജി. ഒ. (എം. എസ്.) 383/04/പൊ. വി. തീയതി 20-12-2004 പ്രകാരം ശ്രീമതി ദീപ്തിയെ കോഴിക്കോട് ജില്ലയിൽ സബോർഡിനേറ്റ് ജുഡീഷ്യറി (ക്രിമിനൽ വിംഗ്) ഡിപ്പാർട്ട്മെന്റിൽ എൽ. ഡി. സി. ആയി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

(ഇ)—(ജി) എൽ. ഡി. സി. തസ്തികയിലേക്കാണ് നിയമനം നൽകി ഉത്തരവായിട്ടുള്ളത്. ടി ഉത്തരവിലെ സാങ്കേതിക പിഴവ് കാരണം ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചിട്ടില്ല. ടി പിഴവുകൾ പരിഹരിച്ച് എത്രയും വേഗം പുതുക്കിയ നിയമന ഉത്തരവ് 31-3-2005-ന് മുൻപ് പുറപ്പെടുവിക്കുന്നതാണ്.

എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ നടപടി

110 [3636] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളെന്നും, ഇതിന്റെ മാനദണ്ഡം എന്തെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ അനധികൃത അൺ എയ്ഡഡ് സ്കൂളുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമോ;

(സി) നിശ്ചിത യോഗ്യതയുള്ള സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും ഈ വർഷം തന്നെ അപ്ഗ്രേഡ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് അനുമതി തേടിയുള്ള എത്ര അപേക്ഷകൾ ഈ വർഷം ലഭിച്ചിട്ടുണ്ട്; ഇതിൽ ഏതെല്ലാം സ്കൂളുകൾക്ക് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(ബി) ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(സി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

(ഡി) അപേക്ഷ ക്ഷണിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സ്കൂൾ നിയമനാംഗീകാരത്തിന് സത്വര നടപടി

111 [3637] *ശ്രീ. ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979-നുശേഷം ആരംഭിച്ച സ്കൂളുകളിൽ പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിനെ നിയമിക്കണമെന്ന് 178/02/ജി. എഡ്യു. തീയതി 28-6-2002 ആയി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) 1979-90 കാലഘട്ടത്തിൽ അനുവദിച്ച എയ്ഡഡ് സ്കൂളുകളെ ഇതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇങ്ങനെ തീരുമാനം ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സ്കൂളുകളിലെ പുതിയ നിയമനം അംഗീകരിക്കുവാൻ സത്വര നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ഡി. സി. ആർ. ജി. തുക അനുവദിക്കാൻ നടപടി

112 [3638] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ ഇവർക്ക് ലഭിക്കേണ്ടതായ ഡി. സി. ആർ. ജി., പി. എഫ്., ഇ. എൽ. എസ്. സാലറി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly